"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ -2024-25 വർഷത്തെ ഗ്രാന്റ് -ഇൻ-എയ്ഡ്-രണ്ടാം ഗഡു വിതരണം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(സാധാ) നം.559/2024/AGRI തീയതി,തിരുവനന്തപുരം, 21-06-2024

---

പരാമർശം:-
1. സ.ഉ (സാധാ) നം. 378/2024/കൃഷി തീയതി 22.04.2024
2. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ സെക്രട്ടറിയുടെ 04.06.2024 തീയതിയിലെ എ-1957/2023/KSFDRC നമ്പർ കത്ത്
3. സർക്കുലർ നം. 35/2024/ധന തീയതി 12.06.2024

**ഉത്തരവ്**

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ ശമ്പളയിനത്തിൽ 128.03 ലക്ഷം രൂപയും 2401-00-104-86(01)-36 (NP) ശീർഷകത്തിൽ ശമ്പളേതരയിനത്തിൽ 53.81 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കടാശ്വാസ കമ്മീഷന് ആദ്യ രണ്ട് മാസത്തെ ചെലവിനായി 2401-00-104-86-(01)-31 [NP(V)] ശീർഷകത്തിൽ നിന്ന് ശമ്പളയിനത്തിൽ 36 ലക്ഷം രൂപയും 2401-00-104-86(01)-36 (NP) ശീർഷകത്തിൽ നിന്ന് ശമ്പളേതര ഇനത്തിൽ 12 ലക്ഷം രൂപയും ആദ്യ ഗഡുവായി അനുവദിച്ച് ഉത്തരവായിരുന്നു.

2. സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തിൽ 2-ാം ഗഡുവായി (ജൂൺ, ജൂലൈ, ആഗസ്റ്റ് മാസത്തെ ചെലവുകൾക്കായി) 2401-00-104-86 (01)-31 [NP(V)] ശീർഷകത്തിൽ ശമ്പളയിനത്തിൽ 72 ലക്ഷം രൂപയും 2401-00-104-86(01)-36 ശമ്പളേതരയിനത്തിൽ 24 ലക്ഷം രൂപയും അനുവദിക്കണമെന്നും പ്രസ്തുത തുക കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ലേക്ക് മാറ്റി നൽകുന്നതിനുള്ള അനുമതി നൽകണമെന്നും കടാശ്വാസ കമ്മീഷൻ സെക്രട്ടറി പരാമർശം 2ലെ കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ മേൽ വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന് 2024-25 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും ശമ്പളയിനത്തിലെ ചെലവുകൾക്കായി 2401-00-104-86-01-31 NP ശീർഷകത്തിൽ നിന്നും 36 ലക്ഷം രൂപയും ശമ്പളേതരയിനത്തിലെ ചെലവുകൾക്കായി 2401-00-104-86-01-36 NP ശീർഷകത്തിൽ നിന്നും 1 2 ലക്ഷം രൂപയും ഉൾപ്പെടെ 4 8 ലക്ഷം രൂപ രണ്ടാം ഗഡുവായി പരാമർശം 3ലെ സർക്കുലറിലെ നിബന്ധനകൾ പാലിച്ച് വിതരണം ചെയ്യുന്നതിനും ടി തുക

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷന്റെ തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള STSB Account No. 701011400000151 ൽ നിക്ഷേപിക്കുന്നതിനും കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ,
തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ) കേരള,
തിരുവനന്തപുരം
ധനകാര്യ വകുപ്പ് (20.06.2024ലെ 2761997 Agri-C1/63/2024-FIN പ്രകാരം )
പൊതുജന സമ്പർക്ക വകുപ്പ് (Web & New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Vineesh Kumar G
Date: 22.06.2024 11:03:42
സെക്ഷൻ ഓഫീസർ